**Signature and Name of Invigilator**

1. (Signature) ______________________

   (Name) ______________________

2. (Signature) ______________________

   (Name) ______________________

**OMR Sheet No. :** ..........................................

(To be filled by the Candidate)

**Roll No.** | | | | | | | |

(In figures as per admission card)

**Roll No.** ______________________

(In words)

**Test Booklet No.**

**J—2209**

**PAPER—II**

# MALAYALAM

**Time : 1¼ hours]** **[Maximum Marks : 100**

Number of Pages in this Booklet : **16** Number of Questions in this Booklet : **50**

## Instructions for the Candidates

1. Write your roll number in the space provided on the top of this page.
2. This paper consists of fifty multiple-choice type of questions.
3. At the commencement of examination, the question booklet will be given to you. In the first 5 minutes, you are requested to open the booklet and compulsorily examine it as below :
   (i) To have access to the Question Booklet, tear off the paper seal on the edge of this cover page. Do not accept a booklet without sticker-seal and do not accept an open booklet.
   (ii) **Tally the number of pages and number of questions in the booklet with the information printed on the cover page. Faulty booklets due to pages/questions missing or duplicate or not in serial order or any other discrepancy should be got replaced immediately by a correct booklet from the invigilator within the period of 5 minutes. Afterwards, neither the question booklet will be replaced nor any extra time will be given.**
   (iii) After this verification is over, the Test Booklet Number should be entered in the OMR Sheet and the OMR Sheet Number should be entered on this Test Booklet.
4. Each item has four alternative responses marked (A), (B), (C) and (D). You have to darken the oval as indicated below on the correct response against each item.

   **Example :** (A) (B) ⬤ (D)

   where (C) is the correct response.
5. Your responses to the items are to be indicated in the Answer Sheet given **inside the Paper I booklet only**. If you mark at any place other than in the ovals in the Answer Sheet, it will not be evaluated.
6. Read instructions given inside carefully.
7. Rough Work is to be done in the end of this booklet.
8. If you write your name or put any mark on any part of the test booklet, except for the space allotted for the relevant entries, which may disclose your identity, you will render yourself liable to disqualification.
9. You have to return the test question booklet and OMR Answer Sheet to the invigilators at the end of the examination compulsorily and must not carry it with you outside the Examination Hall.
10. **Use only Blue/Black Ball point pen.**
11. **Use of any calculator or log table etc., is prohibited.**
12. **There is NO negative marking.**

## परीक्षार्थियों के लिए निर्देश

1. पहले पृष्ठ के ऊपर नियत स्थान पर अपना रोल नम्बर लिखिए।
2. इस प्रश्न-पत्र में पचास बहुविकल्पीय प्रश्न हैं।
3. परीक्षा प्रारम्भ होने पर, प्रश्न-पुस्तिका आपको दे दी जायेगी। पहले पाँच मिनट आपको प्रश्न-पुस्तिका खोलने तथा उसकी निम्नलिखित जाँच के लिए दिये जायेंगे जिसकी जाँच आपको अवश्य करनी है :
   (i) प्रश्न-पुस्तिका खोलने के लिए उसके कवर पेज पर लगी कागज की सील को फाड़ लें। खुली हुई या बिना स्टीकर-सील की पुस्तिका स्वीकार न करें।
   (ii) **कवर पृष्ठ पर छपे निर्देशानुसार प्रश्न-पुस्तिका के पृष्ठ तथा प्रश्नों की संख्या को अच्छी तरह चैक कर लें कि ये पूरे हैं। दोषपूर्ण पुस्तिका जिनमें पृष्ठ/प्रश्न कम हों या दुबारा आ गये हों या सीरियल में न हों अर्थात किसी भी प्रकार की त्रुटिपूर्ण पुस्तिका स्वीकार न करें तथा उसी समय उसे लौटाकर उसके स्थान पर दूसरी सही प्रश्न-पुस्तिका ले लें। इसके लिए आपको पाँच मिनट दिये जायेंगे। उसके बाद न तो आपकी प्रश्न-पुस्तिका वापस ली जायेगी और न ही आपको अतिरिक्त समय दिया जायेगा।**
   (iii) इस जाँच के बाद प्रश्न-पुस्तिका की क्रम संख्या OMR पत्रक पर अंकित करें और OMR पत्रक की क्रम संख्या इस प्रश्न-पुस्तिका पर अंकित कर दें।
4. प्रत्येक प्रश्न के लिए चार उत्तर विकल्प (A), (B), (C) तथा (D) दिये गये हैं। आपको सही उत्तर के दीर्घवृत्त को पेन से भरकर काला करना है जैसा कि नीचे दिखाया गया है।

   **उदाहरण :** (A) (B) ⬤ (D)

   जबकि (C) सही उत्तर है।
5. प्रश्नों के उत्तर **केवल प्रश्न पत्र I के अन्दर दिये गये** उत्तर-पत्रक पर ही अंकित करने हैं। यदि आप उत्तर पत्रक पर दिये गये दीर्घवृत्त के अलावा किसी अन्य स्थान पर उत्तर चिन्हांकित करते है, तो उसका मूल्यांकन नहीं होगा।
6. अन्दर दिये गये निर्देशों को ध्यानपूर्वक पढ़ें।
7. कच्चा काम (Rough Work) इस पुस्तिका के अन्तिम पृष्ठ पर करें।
8. यदि आप उत्तर-पुस्तिका पर अपना नाम या ऐसा कोई भी निशान जिससे आपकी पहचान हो सके, किसी भी भाग पर दर्शाते या अंकित करते हैं तो परीक्षा के लिये अयोग्य घोषित कर दिये जायेंगे।
9. आपको परीक्षा समाप्त होने पर प्रश्न-पुस्तिका एवं OMR उत्तर-पत्रक निरीक्षक महोदय को लौटाना आवश्यक है और परीक्षा समाप्ति के बाद उसे अपने साथ परीक्षा भवन से बाहर न लेकर जायें।
10. **केवल नीले/काले बाल प्वाईंट पैन का ही इस्तेमाल करें।**
11. **किसी भी प्रकार का संगणक ( कैलकुलेटर ) या लाग टेबल आदि का प्रयोग वर्जित है।**
12. **गलत उत्तर के लिए अंक नहीं काटे जायेंगे।**

## MALAYALAM
## PAPER II

**Note :** ഈ ചോദ്യക്കടലാസിൽ അമ്പത് (50) മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളുണ്ട്. ഓരോ ഉത്തരത്തിനും രണ്ട് (2) മാർക്ക്. ഉത്തരക്കടലാസിൽ ശരിയായ ഉത്തരം അടയാളപ്പെടുത്തുക. എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

**1.** മനോഹരമായ വർണ്ണനകൾ തൂക്കിയിടാനുള്ള അയക്കോൽ മാത്രമാണ് ചമ്പുവിന്റെ ഇതിവൃത്തം – വക്താവാര് ?

(A) എൻ. കൃഷ്ണപിള്ള (B) ഉള്ളൂർ
(C) വടക്കുംകൂർ (D) പി. ശങ്കരൻ നമ്പ്യാർ

**2.** പുരുഷാർത്ഥക്കൂത്ത് എന്നാൽ

(i) അശനം കൂത്ത്
(ii) രാജസേവാകൂത്ത്
(iii) വേശ്യാവിനോദം
(iv) വേശ്യാവഞ്ചനം
(v) പുരുഷാർത്ഥങ്ങൾ വർണ്ണിക്കുന്ന കൂത്ത്

(A) (v) ശരി (B) (i) – ഉം, (ii) – ഉം ശരി
(C) (iii)–ഉം, (iv)–ഉം ശരി (D) (i)–ഉം, (ii)–ഉം, (iii)–ഉം, (iv)–ഉം ശരി

**3.** പൈങ്കിളിക്കണ്ണി, പരാപരക്കണ്ണി എന്നിവയാണ് കിളിപ്പാട്ടു രീതിയുടെ പൂർവ്വ രൂപമെന്ന് അഭിപ്രായപ്പെട്ട പ്രഥമപണ്ഡിതൻ

(A) എ. ആർ (B) കോവുണ്ണി നെടുങ്ങാടി
(C) അപ്പൻ തമ്പുരാൻ (D) സാഹിത്യ പഞ്ചാനനൻ

**4.** ശരിയായ ഗണമേത്

(a) ഇവനൊരാണിയെന്നറികനൂറ്റവർ–<br>ക്കിവനറിഞ്ഞത്രേ ചതികളെപ്പേരും — (i) എഴുത്തച്ഛൻ
(b) കുങ്കുമത്തിന്റെ ഗന്ധമറിയാതെ<br>കുങ്കുമം ചുമക്കും പോലെ ഗർദ്ദഭം — (ii) ചെറുശ്ശേരി
(c) എന്മകനെന്തുപോൽ വാരാഞ്ഞു തോഴീചൊ–<br>ല്ലിന്നലെയിന്നേരം വന്നാനല്ലോ. — (iii) പൂന്താനം
(d) കാരസ്ക്കരത്തിൻ കുരു പാലിലിട്ടാൽ<br>കാലാന്തരേ കയ്പു ശമിപ്പതുണ്ടോ — (iv) രാമപുരത്തുവാര്യർ
(v) കുഞ്ചൻ നമ്പ്യാർ

| | (a) | (b) | (c) | (d) |
|---|---|---|---|---|
| (A) | (iii) | (iv) | (i) | (ii) |
| (B) | (i) | (iii) | (ii) | (v) |
| (C) | (ii) | (iii) | (i) | (iv) |
| (D) | (i) | (ii) | (iii) | (v) |

5. കൂടിയാട്ടത്തിലെ തമിഴ് പറച്ചിൽ എന്താണ് ?
(A) തമിഴിൽ സംസാരിക്കുക
(B) ഉപകഥ വർണ്ണിക്കുക
(C) മലയാളഭാഷയിൽ കഥാ വർണ്ണനം നടത്തുക
(D) നമ്പ്യാർ തമിഴിൽ വർണ്ണന നടത്തുക.

6. ചേരും പടി ചേർക്കുക
(a) കൂത്തും കൂടിയാട്ടവും — (i) അമ്മാമൻ തമ്പുരാൻ
(b) സംഘക്കളി — (ii) ജി. കൃഷ്ണപിള്ള
(c) കഥകളി — (iii) അപ്പൻ തമ്പുരാൻ
(d) നമ്മുടെ ദൃശ്യകല — (iv) പി. കൃഷ്ണൻ നായർ
(v) കെ. ആർ. പിഷാരടി

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (i) | (ii) | (iii) | (v) |
| (B) | (ii) | (iii) | (i) | (iv) |
| (C) | (iii) | (i) | (ii) | (iv) |
| (D) | (i) | (iii) | (ii) | (v) |

7. 'താല്പരിയം മറ്റൊന്നില്ല
മേല്പുടവയെടുക്കേണം'. – കാവ്യസന്ദർഭമേത് ?
(A) ഋതുപർണസവിധത്തിലേക്കു പോകുന്ന സുദേവന്റെ സമ്മതവാക്യം
(B) ചേദിപ രാജ്യത്തേക്കു ദമയന്തിയെ തെരഞ്ഞുപോകുന്ന ബ്രാഹ്മണന്റെ വാക്യം
(C) സ്വയംവരാനന്തരം നളൻ പറയുന്നത്
(D) ദമയന്തീപരിണയോത്സുകനായ കാട്ടാളന്റെ വാക്യം

8. ചേരും പടിചേർക്കുക.
(a) ഓട്ടൻതുള്ളൽ — (i) ധ്രുവചരിതം
(b) പറയൻതുള്ളൽ — (ii) ഘോഷയാത്ര
(c) ശീതങ്കൻ തുള്ളൽ — (iii) മാലതീമാധവം
(d) ആട്ടക്കഥ — (iv) സഭാപ്രവേശം
(v) താടകാവധം

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (ii) | (iii) | (v) | (iv) |
| (B) | (iii) | (i) | (iv) | (ii) |
| (C) | (ii) | (iv) | (i) | (v) |
| (D) | (ii) | (iv) | (iii) | (v) |

9. മലയാള ഭാഷോല്പത്തി ചർച്ചയിൽ ഉപശാഖാവാദം കൊണ്ടുവന്നതാര്?
(A) കാൽഡ്വൽ
(B) ഏ. ആർ
(C) എൽ. വി. ആർ
(D) പി. ശങ്കരൻ നമ്പ്യാർ

10. ദ്രമിഡ വേദമായി കണക്കാക്കപ്പെടുന്ന കൃതിയേത് ?

(A) പെരുമാൾ തിരുമൊഴി
(B) തിരുക്കുറൾ
(C) തിരുവായ്മൊഴി
(D) പെരിയപുരാണം

11. ശരിയായ ക്രമീകരണമേത് ?

(a) ശിവരാത്രിമാഹാത്മ്യം
(b) അനന്തപുരവർണ്ണനം
(c) അംബരീക്ഷോപാഖ്യാനം
(d) കൗടലീയം

(i) സ്തോത്രം
(ii) ഭാഷ
(iii) രാമപ്പണിക്കർ
(iv) നമ്പ്യാന്തമിഴ്
(v) സ്ഥലപുരാണം

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (iii) | (v) | (iv) | (ii) |
| (B) | (i) | (iv) | (v) | (iii) |
| (C) | (iv) | (iii) | (ii) | (i) |
| (D) | (ii) | (i) | (iii) | (v) |

12. മണിപ്രവാളത്തിലുപയോഗിക്കുന്ന ഭാഷയെ സൂചിപ്പിക്കാൻ ലീലാതിലകകാരൻ ഉപയോഗിച്ചിട്ടുള്ള പദങ്ങൾ ഉൾപ്പെടുന്ന പട്ടികയേത്?

(A) നമ്പ്യാന്തമിഴ്, അപകൃഷ്ടഭാഷ, മലനാട്ടുതമിഴ്
(B) തമിഴ്, കേരളഭാഷ, ഭാഷ
(C) മലയാന്തമിഴ്, കേരളഭാഷ, ഭാഷാമിശ്രം
(D) സാപകൃഷ്ടഭാഷ, പാണ്ഡ്യഭാഷ, കേരളഭാഷ

13. നാടോടി നാടകങ്ങളെപ്പറ്റി സർവ്വകലാശാലാതലത്തിൽ ഗവേഷണം നടത്തിയ പണ്ഡിതൻ

(A) ചേലനാട്ട് അച്യുത മേനോൻ
(B) പേഴ്സി മക്വീൻ
(C) എസ്.കെ. നായർ
(D) ചിറയ്ക്കൽ ടി. ബാലകൃഷ്ണൻ നായർ

14. 'മൂഹൂർത്തവിധി' എന്ന ഗ്രന്ഥത്തിലുള്ള പ്രസ്താവമാണ്

(A) ഭാഷാമിശ്രം പൊഴുതു കഥയാമി
(B) ഭാഷാകവിയിലുരപ്പേൻ
(C) തമിഴായിക്കൊണ്ടറിയിക്കിന്റേൻ
(D) ഭാഷാമിശ്രമിതെന്റികഴാതെ

15. കേരളത്തിലെ പ്രാചീന സംസ്കൃത നാടകാഭിനയസമ്പ്രദായം

(A) ചാക്യാർകൂത്ത്
(B) അഷ്ടപദിയാട്ടം
(C) കൂടിയാട്ടം
(D) പാഠകം

16. **കാര്യം:** ഗുണ്ടർട്ടിന്റെ മലയാളം നിഘണ്ടു ഇംഗ്ലീഷ് ഭാഷ അറിഞ്ഞുകൂടാത്ത ഒരു മലയാളിക്ക് അത്ര പ്രയോജന പ്രദമല്ല.

**കാരണം:** അർത്ഥവിവരണത്തിനൊപ്പം അതാതു പദങ്ങളുടെ ഉച്ചാരണരീതിയും കൊടുത്തിരിക്കുന്നു.

(A) കാര്യം ശരിയും കാരണം തെറ്റുമാണ്

(B) കാര്യം തെറ്റും കാരണം ശരിയുമാണ്

(C) കാര്യവും കാരണവും ശരിയാണ്

(D) കാര്യം ശരിയല്ലെങ്കിലും കാരണം കാര്യത്തിനുള്ളതല്ല.

17. പ്രസിദ്ധീകൃതമായ മുറസ്ക്ക് എഴുതിയിട്ടുള്ളത് ഏത് ?

(A) വേദതർക്കം, ഉദയംപേരൂർ സൂനഹദോസ് കനോനകൾ, വർത്തമാനപ്പുസ്തകം, സംക്ഷേപവേദാർത്ഥം

(B) ഉദയംപേരൂർ സൂനഹദോസ് കനോനകൾ, വേദതർക്കം, സംക്ഷേപവേദാർത്ഥം, വർത്തമാനപ്പുസ്തകം

(C) സംക്ഷേപവേദാർത്ഥം, ഉദയംപേരൂർ സൂനഹദോസ് കനോനകൾ, വർത്തമാനപ്പുസ്തകം, വേദതർക്കം

(D) ഉദയംപേരൂർ സൂനഹദോസ് കനോനകൾ, സംക്ഷേപവേദാർത്ഥം, വേദതർക്കം, വർത്തമാനപ്പുസ്തകം

18. മലയാളത്തിന് ഒരു പാഠപുസ്തകക്കമ്മിറ്റി എന്ന ആശയം നടപ്പിൽ വരുത്തിയതാര്?

(A) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ

(B) സ്വാതിതിരുനാൾ

(C) ആയില്യം തിരുനാൾ

(D) ചിദംബര വാദ്ധ്യാർ

19. വാർത്താ പ്രധാനമായ പത്രികകളുടെ കൂട്ടത്തിൽ നിന്ന് സാഹിത്യ പ്രധാനമായത് എടുത്തെഴുതുക.

(A) പശ്ചിമതാരക (B) വിദ്യാവിനോദിനി

(C) കേരളപത്രിക (D) കേരളമിത്രം

20. വിദ്യാസംഗ്രഹം, സന്ദിഷ്ടവാദി, കേരളം, പശ്ചിമതാരക എന്നിവ ആരംഭിച്ച വർഷം ക്രമത്തിൽ വരുന്ന ഗണമേത് ?

(A) 1861, 1863, 1865, 1866 (B) 1862, 1864, 1867, 1868

(C) 1863, 1864, 1866, 1867 (D) 1864, 1867, 1866, 1863

21. മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയ ഏതാനും സംസ്കൃത മഹാകാവ്യങ്ങളേയും അവയുടെ പരിഭാഷകരേയും ദ്വന്ദ്വങ്ങളായി താഴെക്കൊടുക്കുന്നു.

ഏതേതു ദ്വന്ദ്വങ്ങളാണ് കാര്യമായി ചേരുന്നത് ?

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | കുമാരസംഭവം | (i) | എം.പി. രാഘവകുറുപ്പ് |
| (b) | ബുദ്ധചരിതം | (ii) | കിളിമാനൂർ ശങ്കരവാര്യർ |
| (c) | രഘുവംശം | (iii) | ഏ. ആർ |
| (d) | കിരാതാർജ്ജുനീയം | (iv) | കിളിമാനൂർ രാഘവവാര്യർ |
| | | (v) | എൻ.ഡി. കൃഷ്ണനുണ്ണി |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (v) | (iii) | (ii) | (i) |
| (B) | (iii) | (v) | (i) | (iv) |
| (C) | (iv) | (ii) | (iii) | (i) |
| (D) | (ii) | (i) | (v) | (iii) |

22. നാനൂറാം പിറന്നാൾ ആഘോഷിക്കുന്ന മാപ്പിളപ്പാട്ടു കൃതി

(A) ബദർപടപ്പാട്ട്
(B) ബദറുൽ മുനീറും ഹുസ്നൽ ജമാലും
(C) മുഹ്യുദ്ദീൻ മാല
(D) ബദർമാല

23. 'ഒരുനെല്ലുമുളച്ചിടത്ത് രണ്ടുനെല്ലു മുളപ്പിക്കുവാൻ കഴിവുള്ളവൻ നല്ല കൃഷിക്കാരനാകാം; പക്ഷെ, ഒരു പദം വേണ്ടിടത്തു രണ്ടു പദം പ്രയോഗിക്കുന്നവൻ നല്ല കവിയല്ല' എന്നു പ്രസ്താവിച്ചത് ആര്?

(A) എം. പി. പോൾ
(B) തായാട്ടു ശങ്കരൻ
(C) എം. പി. ശങ്കുണ്ണി നായർ
(D) എൻ.വി. കൃഷ്ണവാര്യർ

24. ഒന്നാം പട്ടികയിലെ നോവലുകളും രണ്ടാം പട്ടികയിലെ കഥാപാത്രങ്ങളും ക്രമത്തിൽ വരുന്ന ഗണമേത് ?

| പട്ടിക - I | | പട്ടിക - II | |
|---|---|---|---|
| (a) | ഗുരുസാഗരം | (i) | ശിവാനി |
| (b) | മാർത്താണ്ഡവർമ്മ | (ii) | ചെമ്പൻകുഞ്ഞ് |
| (c) | ഹരിദ്വാറിൽ മണികൾ മുഴങ്ങുന്നു | (iii) | പാർവ്വതി |
| (d) | ചെമ്മീൻ | (iv) | രമേശ് പണിക്കർ |
| | | (v) | ഹരിപഞ്ചാനനൻ |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (iii) | (iv) | (i) | (ii) |
| (B) | (i) | (iii) | (iv) | (ii) |
| (C) | (iv) | (v) | (i) | (ii) |
| (D) | (ii) | (iii) | (iv) | (v) |

25. താഴെ കൊടുത്തിട്ടുള്ളവയിൽ മഞ്ജരീ വൃത്തത്തിലുള്ള ഈരടി കണ്ടുപിടിക്കുക.

(A) അച്ഛന്റെ കാലപുരവാസികരാള രൂപം
സ്വപ്നത്തിൽ രാത്രിയുടെ വാതിൽ തുറന്നു വന്നൂ

(B) കേവലമൊരുപിടി വരിനെല്ലിനായ് ലോക–
പാവനൻ നീട്ടീ കൈകൾ ശരണത്രയീധനൻ

(C) പാടാത്ത പാട്ടിന്റെ മാധുര്യമോർത്തുഞാൻ
നേടാത്ത പൊന്നിന്റെ മാറ്റുനോക്കീടവേ

(D) മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം

26. ഒന്നാം പട്ടികയിലെ പ്രമേയങ്ങൾ സ്പർശിക്കുന്ന ആത്മകഥകൾ രണ്ടാം പട്ടികയിൽ നിന്ന് ചേർത്തെഴുതുക.

| | പട്ടിക - I | | പട്ടിക - II |
|---|---|---|---|
| (a) | കേരളസംസ്കാരചരിത്രം | (i) | ഞാൻ |
| (b) | ജപ്പാൻ അധിനിവേശം | (ii) | എന്റെ സ്മരണകൾ |
| (c) | സ്വാതന്ത്ര്യസമരം | (iii) | കഴിഞ്ഞകാലം |
| (d) | കലാനുഭവങ്ങൾ | (iv) | അരനൂറ്റാണ്ടിലൂടെ |
| | | (v) | സ്മരണമഞ്ജരി |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (i) | (iii) | (iv) | (v) |
| (B) | (ii) | (iii) | (iv) | (v) |
| (C) | (ii) | (iii) | (iv) | (i) |
| (D) | (i) | (ii) | (iii) | (iv) |

27. സദാരമ, ചക്കീചങ്കരം, ഗോപുരനടയിൽ, കൂട്ടുകൃഷി എന്നീ നാലുകൃതികളെ സംബന്ധിച്ച നാലുനിരീക്ഷണങ്ങൾ താഴെ ചേർത്തിരിക്കുന്നു. ഏറ്റവും ഉചിതമായത് ഏത് ?

(A) ഇവ കവികളുടെ രചനകളാണ്

(B) എല്ലാം നോവലുകളാണ്

(C) എല്ലാം നാടകമാണ്

(D) എല്ലാം നാടകങ്ങളാണെങ്കിലും ഒന്നു വ്യത്യസ്തമായി നിൽക്കുന്നു.

28. താഴെ നൽകുന്ന ഈരടികളിൽ ഏതിലാണ് ഉൽപ്രേക്ഷയുള്ളത് ?

(A) നിന്നുതിരിവൂ പകിടക്കരുക്കളാ–
ക്കുന്നത്തു, കൺകളിൽക്കൃഷ്ണമണികൾപോൽ

(B) ആമാശയത്തിലകപ്പെട്ട സൂചിപോൽ
അന്തരംഗത്തിൽപ്പുലർന്നിതാക്കണ്ണുനീർ

(C) പട്ടിയെപ്പോലെക്കിതച്ചു കിതച്ചു ഞാൻ
പാർക്കുന്നിടത്തേയ്ക്കിഴഞ്ഞു നീങ്ങീടവേ

(D) ഗർഭഗൃഹത്തിലുണ്ടാശ്രിതവാത്സല്യ–
നിർഭരനായൊരാളെന്റെയായെന്റെയായ്

29. തിരക്കഥകളും അവയുടെ മൂലകഥകളും ക്രമീകരിച്ചിരിക്കുന്നതിൽ ശരിയായ ഗണമേത് ?

(A) വിധേയൻ – ഭാസ്ക്കരപട്ടേലരും എന്റെ ജീവിതവും;
നിമ്മാല്യം – പള്ളിവാളും കാൽച്ചിലമ്പും;
തൂവാനത്തുമ്പികൾ– ഉദകപ്പോള; നമുക്കുപാർക്കാൻ
മുന്തിരിത്തോപ്പുകൾ–നമുക്കു ഗ്രാമങ്ങളിൽ ചെന്നു രാപാർക്കാം.

(B) വിധേയൻ –വാനപ്രസ്ഥം; പുനർജ്ജന്മം–തൂവാനത്തുമ്പികൾ
നിർമ്മാല്യം–ഭാസ്ക്കരപട്ടേലരും എന്റെ ജീവിതവും;
നമുക്കുപാർക്കാൻ മുന്തിരിത്തോപ്പുകൾ–ഉദകപ്പോള;

(C) നമുക്കുപാർക്കാൻ മുന്തിരിത്തോപ്പുകൾ–ഉദകപ്പോള;
വിധേയൻ–വാനപ്രസ്ഥം; പുനർജ്ജന്മം–പള്ളിവാളും
കാൽചിലമ്പും; തൂവാനത്തുമ്പികൾ–ഭാസ്ക്കരപട്ടേലരും
എന്റെ ജീവിതവും

(D) നിർമ്മാല്യം–വാനപ്രസ്ഥം; വിധേയൻ–ഭാസ്ക്കരപട്ടേലരും എന്റെ ജീവിതവും; തുവാനത്തുമ്പികൾ–പള്ളിവാളും കാൽച്ചിലമ്പും; നമുക്കുപാർക്കാൻ മുന്തിരിത്തോപ്പുകൾ – നമുക്കു ഗ്രാമങ്ങളിൽ ചെന്നു രാപാർക്കാം.

30. പരിതസ്ഥിതി അവബോധമുള്ള എഴുത്തുകാരൻ എന്ന വിശേഷണം താഴെപ്പറയുന്നവരിൽ ആർക്കാണ് യുക്തം?

(A) കേശവദേവ് (B) പൊൻകുന്നം വർക്കി

(C) വെട്ടൂർ രാമൻനായർ (D) ബഷീർ

31. ഒന്നാം പട്ടികയിലെ ഗ്രന്ഥങ്ങളുടെ പ്രസാധകരെ രണ്ടാം പട്ടികയിൽ നിന്ന് കണ്ടെത്തുക

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | എഴുത്തച്ഛന്റെ രത്നങ്ങൾ | (i) | മദിരാശിസർവ്വകലാശാല |
| (b) | കേരളസാഹിത്യ ചരിത്രം | (ii) | രാമവർമ്മ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് |
| (c) | Ballads of North Malabar | (iii) | കേരളസർവ്വകലാശാല |
| (d) | Evolution of Malayalam Morphology | (iv) | കൊച്ചി ഭാഷാപരിഷ്ക്കരണ കമ്മിറ്റി |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (i) | (ii) | (iii) | (iv) |
| (B) | (iii) | (i) | (iv) | (ii) |
| (C) | (iv) | (iii) | (i) | (ii) |
| (D) | (iii) | (iv) | (ii) | (i) |

32. മലയാളത്തിലെ പുരോഗമന സാഹിത്യ പ്രസ്ഥാനത്തെ പ്രചോദിപ്പിച്ച ഒരു ഹിന്ദി കഥാകൃത്ത്

(A) കിഷൻചന്ദ് (B) പ്രേംചന്ദ്

(C) ആശാപൂർണാദേവി (D) ബങ്കിംചന്ദ്രചാറ്റർജി

33. ചേരുംപടി ചേർക്കുക.

| **പട്ടിക - I** | | **പട്ടിക - II** | |
|---|---|---|---|
| (a) | എസ്സേ | (i) | കേസരിനായനാർ |
| (b) | പാലക്കാടൻ കാറ്റ് | (ii) | എം.പി. ശിവദാസമേനോൻ |
| (c) | വായ്ക്കുന്നുവോലിക്കു വർണ്ണങ്ങൾ | (iii) | എ.പി. ഉദയഭാനു |
| (d) | നാട്ടെഴുത്തച്ഛന്മാർ | (iv) | ഗുപ്തൻനായർ |
| | | (v) | സഞ്ജയൻ |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (ii) | (i) | (iv) | (iii) |
| (B) | (iii) | (i) | (ii) | (iv) |
| (C) | (i) | (ii) | (iv) | (iii) |
| (D) | (iv) | (i) | (iii) | (ii) |

34. ‘മഞ്ഞായിടുന്ന മലതന്മകളെ, കഴുത്തിൽ
നഞ്ഞാണ്ട മൂപ്പരെമയക്കിയ കെട്ടിലമ്മേ’

– ഈ വരികൾ ഏത് കവിതയിലുള്ളതാണ് ?

(A) നല്ലഭാഷ (B) ഒടി (C) ഒരുനേർച്ച (D) കണ്ണൻ

35. മഹദ്വ്യക്തികളെക്കുറിച്ചുള്ള ചില കവിതകൾ താഴെക്കൊടുക്കുന്നു. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| (a) | എന്റെ ഗുരുനാഥൻ | (i) | നെൽസൺമണ്ടേല |
| (b) | ദിവ്യകോകിലം | (ii) | കാളിദാസൻ |
| (c) | ഹേ ശ്യാമസൂര്യ | (iii) | മഹാത്മാഗാന്ധി |
| (d) | നിത്യമേഘം | (iv) | രവീന്ദ്രനാഥടാഗോർ |
| | | (v) | കുമാരനാശാൻ |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (iii) | (iv) | (i) | (ii) |
| (B) | (iv) | (iii) | (ii) | (i) |
| (C) | (iii) | (v) | (i) | (iv) |
| (D) | (iii) | (iv) | (i) | (ii) |

36. താഴെ ചേർത്തിരിക്കുന്ന വരികളും അവയുടെ രചയിതാക്കളും വരുന്ന ക്രമീകരണം ഏത് ?

| | | | |
|---|---|---|---|
| (a) | ബന്ധുരക്കാഞ്ചനക്കൂട്ടിലാണെങ്കിലും ബന്ധനം ബന്ധനം തന്നെ പാരിൽ | (i) | പന്തളം കേരളവർമ്മ |
| (b) | പാരതന്ത്ര്യം മാനികൾക്കു മൃതിയേക്കാൾ ഭയാനകം | (ii) | ഉള്ളൂർ |
| (c) | വിത്തമെന്തിനുമർത്യർക്കു വിദ്യകൈവശമാകുകിൽ | (iii) | കുമാരനാശാൻ |
| (d) | ദൈവമേ കൈതൊഴാം കേൾക്കുമാറാകണം പാവമാമെന്നെനീകാക്കുമാറാകണം | (iv) | വള്ളത്തോൾ |
| | | (v) | പള്ളത്തുരാമൻ |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (i) | (ii) | (iii) | (iv) |
| (B) | (iv) | (iii) | (ii) | (i) |
| (C) | (v) | (iii) | (i) | (ii) |
| (D) | (ii) | (iv) | (v) | (i) |

37. കറുത്തചിറകുമായ് രോമശൂന്യമാം നീണ്ട
കഴുത്തും നീട്ടി ചാരെ കാത്തിരിന്നെന്നോ മൃത്യു ?
– ആരുടെ മരണത്തെക്കുറിച്ചാണ് ഈ പരിദേവനം ?

(A) വിക്രമൻ നായർ
(B) ഇടപ്പള്ളി രാഘവൻപിള്ള
(C) രാജലക്ഷ്മി
(D) വി.സി. ബാലകൃഷ്ണപ്പണിക്കർ

38. ഏതാനും നിരീക്ഷണങ്ങളും നിരീക്ഷകരുടെ പേരുകളും രണ്ടുപട്ടികയായി കൊടുത്തിരിക്കുന്നു. അവചേർത്തെഴുതിയ നാലുക്രമങ്ങളിൽ നിന്നും ശരിയായതു തിരഞ്ഞെടുക്കുക.

| | പട്ടിക – I | | പട്ടിക – II |
|---|---|---|---|
| (a) | മലയാളസാഹിത്യ നഭോമണ്ഡലത്തിൽ അപൂർവ്വമായ പ്രകാശത്തോടുകൂടിയ ഒരു ജ്യോതിസ്സിന്റെ ആവിർഭാവത്തെ യാണ് വീണപൂവ് കുറിച്ചത് | (i) | സഞ്ജയൻ |
| (b) | സാഹിത്യനഭസ്സിലെ കൊള്ളിമീനാണ് വി.സി. ബാലകൃഷ്ണപ്പണിക്കർ | (ii) | ഉള്ളൂർ |
| (c) | മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്തചിരി | (iii) | മുണ്ടശ്ശേരി |
| (d) | സന്ദേശമതൊന്നേയുള്ളു; മേഘസന്ദേശം | (iv) | മാരാർ |
| | | (v) | എം.പി. പോൾ |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (ii) | (i) | (iv) | (iii) |
| (B) | (i) | (ii) | (iii) | (iv) |
| (C) | (ii) | (i) | (iii) | (v) |
| (D) | (iii) | (ii) | (v) | (iii) |

39. 'കഥ പറഞ്ഞു പറഞ്ഞു വലിയകഥയായി മാറിയ ഒരാൾ' എന്നു ബഷീറിനെ വിശേഷിപ്പിച്ചതാര് ?

(A) കെ.പി. അപ്പൻ
(B) സുകുമാർ അഴീക്കോട്
(C) എം.ടി. വാസുദേവൻ നായർ
(D) എം.പി. പോൾ

40. മൂല്യസങ്കല്പവുമായി ബന്ധപ്പെടുത്തി ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| (a) | മാതൃത്വം | (i) | ഉള്ളൂർ |
| (b) | സ്നേഹം | (ii) | ബാലാമണിയമ്മ |
| (c) | പൗരാണികത്വം | (iii) | വള്ളത്തോൾ |
| (d) | ദേശാഭിമാനം | (iv) | ആശാൻ |
| | | (v) | പി. കുഞ്ഞിരാമൻ നായർ |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (i) | (iii) | (v) | (iv) |
| (B) | (iv) | (i) | (ii) | (v) |
| (C) | (v) | (ii) | (v) | (i) |
| (D) | (ii) | (iv) | (i) | (iii) |

41. ഒന്നിൽക്കൂടുതൽ രചയിതാക്കളുള്ള ഗ്രന്ഥങ്ങളുടെ പട്ടിക താഴെ ചേർത്തിരിക്കുന്നു. രചയിതാക്കളുടെ പേരുകളുള്ള രണ്ടാം പട്ടികയുമായി അത് ചേർത്തെഴുതിയ ഗണങ്ങളിൽ ശരിയേത് ?

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | നവഗ്രഹങ്ങളുടെ തടവറ | (i) | പന്തളം, കുണ്ടൂർ |
| (b) | അറബിപ്പൊന്ന് | (ii) | പുനത്തിൽ, സേതു |
| (c) | കേളു | (iii) | എം.ടി, എൻ.പി. മുഹമ്മദ് |
| (d) | ഗജേന്ദ്രമോക്ഷം | (iv) | പന്തളം, ഒറവങ്കര, ഉള്ളൂർ |
| | | (v) | എൻ.ശശിധരൻ, ഇ.പി. രാജഗോപാലൻ |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (ii) | (iii) | (v) | (iv) |
| (B) | (ii) | (iii) | (iv) | (v) |
| (C) | (iii) | (ii) | (iv) | (v) |
| (D) | (i) | (iv) | (v) | (iii) |

42. ശരിയായ ഗണമേത് ?

| | **പട്ടിക - I** | | **പട്ടിക - II** |
|---|---|---|---|
| (a) | ആദ്യത്തെ വിജ്ഞാനകോശം | (i) | ഹോർത്തൂസ്മലബാറിക്കസ് |
| (b) | ആദ്യത്തെ സാഹിത്യചരിത്രം | (ii) | വിജ്ഞാനം |
| (c) | ആദ്യത്തെ ഏകഭാഷാനിഘണ്ടു | (iii) | മലയാളഭാഷാ ചരിത്രം |
| (d) | ആദ്യം അച്ചടിച്ച മലയാളഗ്രന്ഥം | (iv) | കോളിൻസ് |
| | | (v) | സംക്ഷേപവേദാർത്ഥം |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (i) | (iii) | (iv) | (v) |
| (B) | (i) | (ii) | (iii) | (iv) |
| (C) | (ii) | (iii) | (iv) | (v) |
| (D) | (iii) | (ii) | (v) | (iv) |

43. ഒന്നാംപട്ടികയിലെ കഥാപാത്രങ്ങളെ രണ്ടാം പട്ടികയിലെ കൃതികളുമമായി ചേർത്തെഴുതുക

| | **പട്ടിക – I** | | **പട്ടിക – II** |
|---|---|---|---|
| (a) | സുന്ദരയ്യൻ | (i) | കയർ |
| (b) | വട്ടനടിമ | (ii) | മാർത്താണ്ഡവർമ്മ |
| (c) | കീരൻ പൂശാരി | (iii) | ന്റുപ്പുപ്പാക്കൊരാനേണ്ടാർന്നു. |
| (d) | വട്ടത്രഗ്രിഗറി | (iv) | ഒരു ദേശത്തിന്റെ കഥ |
| | | (v) | ദൈവത്തിന്റെ വികൃതികൾ |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (v) | (i) | (iv) | (iii) |
| (B) | (ii) | (iii) | (iv) | (i) |
| (C) | (ii) | (i) | (iv) | (v) |
| (D) | (iv) | (iii) | (i) | (iv) |

44. പുരോഗമന സാഹിത്യകാലഘട്ടം ഏത് ?
(A) 1914 – 1962 (B) 1935 – 1950 (C) 1944 – 1968 (D) 1937 – 1950

45. ചേരുംപടി ചേർക്കുക.

| | | | |
|---|---|---|---|
| (a) | ചോലമരങ്ങൾ | (i) | ഗ്രേസി |
| (b) | നരിച്ചീറുകൾ പറയുമ്പോൾ | (ii) | മാധവിക്കുട്ടി |
| (c) | മാണിക്കൻ | (iii) | സരസ്വതിയമ്മ |
| (d) | പടിയിറങ്ങിപ്പോയ പാർവ്വതി | (iv) | അന്തർജ്ജനം |

| | *(a)* | *(b)* | *(c)* | *(d)* |
|---|---|---|---|---|
| (A) | (iii) | (ii) | (iv) | (i) |
| (B) | (ii) | (iii) | (i) | (iv) |
| (C) | (iv) | (i) | (ii) | (iii) |
| (D) | (ii) | (iv) | (i) | (iii) |

**താഴെ കൊടുത്തിരിക്കുന്ന ലേഖന ഭാഗം വായിച്ച് തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.**

"സാഹിത്യം ഒരു കലാവിദ്യയാണെന്നു തികച്ചും പറഞ്ഞുകൂടാ. മനോഗതിയുടെ വിവിധപരിണാമങ്ങളേയും കലാകൗതുകത്തിന്റെ സവിസേഷസ്ഫുരണങ്ങളേയും കൂട്ടിയിണക്കിക്കൊണ്ടുള്ള ഒരു നിർമ്മാണവിശേഷമണത്. സാഹിത്യത്തെ നാലു ഭാഗമായി വേർതിരിയ്ക്കാം. ആധ്യാത്മികതത്ത്വശാസ്ത്രം, നിഗൂഢതത്ത്വപ്രകാശനം, കവിത, ആഖ്യായികാനിർമ്മാണം" (രതിസാമ്രാജ്യത്തിൽ നിന്ന്), ഇവയിൽ ഒടുക്കത്തെ രണ്ടിനത്തിൽ കലാംശത്തിൽ മാത്രമേ സ്ത്രീകൾ ഒട്ടെങ്കിലും വിജയം നേടിയിട്ടുള്ള എന്നും, മറ്റേ അംശത്തിൽ അവർ പുരുഷന്മാരേക്കാൾ വളരെ പിന്നിലാണെന്നും സമർത്ഥിയ്ക്കുകയാണ് അദ്ദേഹം ചെയ്തിരിയ്ക്കുന്നത്.

ഇതനുസരിച്ച് കവിത്വത്തെ വിശകലനം ചെയ്യുകയാണെങ്കിൽ അതിൽ **ക്രാന്തദർശനം കലാപാടവം** എന്നു രണ്ടംശമുള്ളതായി വിചാരിയ്ക്കാം. ക്രാന്തദർശനത്തിൽ ആദർശപ്രവണതയും, ചിന്താശീലവും മറ്റുമുൾപ്പെടുന്നു : മറ്റതിൽ ഭാവനമുതൽ വാഗ്വൈഭവം വരെയുള്ളതും.

എന്നാൽ സാഹിത്യനിരൂപകന്മാർ ഇതിനെ വേണ്ടത്ര വിശകലനം ചെയ്തുകൊണ്ടല്ല പ്രവർത്തിച്ചിട്ടുള്ളതെന്നു കാണുന്നു. സംസ്കൃതത്തിലെ ആലങ്കാരികന്മാർ ആ കലാംശത്തിൽ മാത്രമേ ഉറ്റുനോക്കിയിട്ടുള്ളു എന്നു പറയാം. "ഇഷ്ടാർത്ഥവ്യവച്ഛിന്നാ പദാവലീ" എന്നു കാവ്യശരീരത്തെ നിർവ്വചിച്ച ആചാര്യദണ്ഡിമുതൽക്കിങ്ങോട്ടു ജഗന്നാഥപണ്ഡിതരാജൻ വരെയുള്ളവരുടെയെല്ലാം കാവ്യലക്ഷണവും തദ്വിവരണങ്ങളും കവിതയുടെ വിദ്യാത്വത്തിലേയ്ക്കു തിരിഞ്ഞുനോക്കിയിട്ടില്ല. കവിതയുടെ **വിദ്യാത്വം സുസ്ഥാപിതങ്ങളായ ചില ജീവിത സിദ്ധാന്തങ്ങളെ** സത്യസന്ധത ചാരിത്രം മുതലായവയെ സമർത്ഥിയ്ക്കുക എന്നതിൽ കവിഞ്ഞൊന്നുമല്ലെന്ന് അവർ തീരുമാനിച്ചുവെച്ചതുപോലെ തോന്നും. തന്മൂലം അവരുടെ ദൃഷ്ടി ജീവിതയാഥാർത്ഥ്യങ്ങളിൽ ചെന്നുപതിഞ്ഞതേ ഇല്ല. പാശ്ചാത്യനിരൂപകന്മാർക്കാകട്ടെ, സാഹിത്യത്തിനുള്ള വിദ്യാപരമായ എല്ലാ മേന്മകളിലേയ്ക്കും ദൃഷ്ടി ചെന്നിട്ടുണ്ട്. പക്ഷെ, അതിനൊക്കെ കല എന്ന സാമാന്യമായ പേർമാത്രമേ അവരുപയോഗിച്ചിട്ടുള്ളു. ആ മേന്മകളിൽ ഏതെല്ലാമാണ് കേവലകലകളായ് ഗീതവാദ്യാദികൾക്കുള്ളതെന്ന് ഉറ്റുനോക്കിയാൽ അവ കേവലം കലാമേന്മകളല്ലെന്ന് എളുപ്പത്തിൽ മനസ്സിലാക്കാം. പക്ഷെ, സാഹിത്യത്തിൽ ആ വിദ്യോൽകർഷങ്ങൾ കലാഭംഗിയുമായി അത്രമേൽ ഇഴുകിപ്പിടിച്ചു കിടക്കുന്നതുകൊണ്ട് അവയെ വേർതിരിച്ചു കാണുവാൻ വിഷമമുണ്ട്.

ചിരന്തനരായ ഭാരതീയവിദ്വജ്ജനങ്ങൾ സാഹിത്യത്തെ കേവലം ഒരു കലയായിട്ടല്ല, വേദങ്ങൾ പുരാണങ്ങൾ എന്നിവയോടൊപ്പം ജ്ഞാനവിജ്ഞാന പ്രധാനമായ വിദ്യയായിട്ടാണ് പരിഗണിച്ചിരിയ്ക്കുന്നത്. വേദം പ്രഭുസമ്മിതം, പുരാണം സുഹൃത്സമ്മിതം, കാവ്യം കാന്താസമ്മിതം ഇത്യാദി വ്യവഹാരങ്ങൾ ശ്രദ്ധിയ്ക്കുക. "വാക്കിനാൽ സാധ്യമേതെല്ലാം വിദ്യാഭിധമതൊക്കെയും" എന്ന ശുക്രനീതിവചനവും ഇതു സൂചിപ്പിയ്ക്കുന്നു. **രാജശേഖരന്റെ** കാവ്യമീമാംസയിൽ പറയുന്നു. "പഞ്ചമീ സാഹിത്യവിദ്യാ : ഉപവിദ്യാസ്തു ചതുഃഷഷ്ടിഃ; താശ്ച കലാ ഇതി വിദഗ്ധവാദഃ; സ ആജീവഃ കാവ്യസ്യ". ഭാമഹൻ കലാശ്രയങ്ങളായ വിയഷയങ്ങളെ കാവ്യനിർമ്മാണത്തിനുള്ള വിഷയങ്ങളിൽ ഒരിനം മാത്രമായിട്ടേ ഗണിച്ചിട്ടുള്ളു.

എന്നാൽ കവിതയെ കലകളുടെ കൂട്ടത്തിൽ കൂട്ടിക്കൊണ്ടുള്ള വ്യവഹാരങ്ങളും ഇല്ലായ്കയില്ല. അറുപത്തിനാലു കലകളിൽ **"മാനസീ കാവ്യക്രിയാ"** എന്നൊന്നിനെ ശബ്ദകല്പദ്രുമവും മറ്റും അങ്ങിനെ പറയുന്നു. ചിലർ രണ്ടാക്കിപ്പിരിച്ച് കാവ്യക്രിയ കാവ്യനിർമ്മാണമാണെന്നു നിർദ്ദേശിച്ചിട്ടുണ്ട്. "ക്രിയാകല്പം" എന്നതിനേയും കാവ്യനിർമ്മാണവിധിയായി വ്യാഖ്യാനിയ്ക്കുന്നുണ്ട്. ഇവയോടുകൂടി നാടകാഖ്യായികാദർശനം, അഭിധാന കോശച്ഛന്ദോജ്ഞാനം, പ്രഹേളിക, കാവ്യസമസ്യാപൂരണം മുതലായ പല കലകളേയും കൂട്ടി അതൊക്കെ കവിതാവിഷയമായി വ്യാഖ്യാനിയ്ക്കുന്നുമുണ്ട്. ജൈനബൌദ്ധാദികളുടെ കലാവിദ്യാപരിഗണനത്തിലൊന്നിൽ "കവിതാ" എന്നൊരു കലാവിഭാഗം തന്നെ പറഞ്ഞുകാണുന്നു.

പക്ഷെ, ചതുഃഷഷ്ടികലാപരിഗണനം അത്രമേൽ അവ്യവസ്ഥിതവും ലുപ്തമൂലവും സങ്കീർണ്ണവുമാകയാൽ അതൊന്നും അത്ര പ്രമാണമാക്കി വെയ്ക്കാവുന്നതല്ല (എം. കെ. ഗുരുക്കളുടെ 'കലാവിദ്യാവിവരണം' നോക്കുക). കവിശബ്ദത്തിന് 'ക്രാന്തദർശി' എന്ന വിവരണം കൊടുക്കുകയും, 'നാനൃഷിഃകവിഃ' എന്നു നിർബ്ബന്ധിക്കുകയും ചെയ്യുന്ന ഭാരതീയാചാര്യന്മാർ കവിയെ വെറും കലാകാരനായിട്ടല്ല പരിഗണിച്ചിട്ടുള്ളതെന്നും നിർവ്വിവാദമാണ്.

പാശ്ചാത്യവിദ്വജ്ജനങ്ങളാകട്ടേ, സംഗീതം ചിത്രം, ശില്പം, നൃത്തം മുതലായ അഞ്ചെട്ടു സുന്ദരകലകളിൽ ഏറ്റവും ശ്രേഷ്ഠമാണ് സാഹിത്യം എന്നു വകവെയ്ക്കുകയേ ചെയ്തിട്ടുള്ളുവെന്നു തോന്നുന്നു. എന്നാൽ, **ലിംഗഭേദവിജ്ഞാനീയത്തിൽ** പരമപ്രമാണികനായ **ഹാവലക്ക് എല്ലീസ്** ഒരിടത്ത് ഇങ്ങിനെ എഴുതിയിട്ടുണ്ട്:

46. ജൈനരുടെയും ബൗദ്ധന്മാരുടെയും കലാവിദ്യാപരിഗണയിൽ കാണുന്ന കലാവിഭാഗം ഏത് ?

(A) ക്രിയാകല്പം (B) പ്രഹേളിക

(C) സമസ്യാപൂരണം (D) കവിതാ

47. **കാര്യം:**

ഭാരതീയാചാര്യന്മാർ കവിയെ വെറും കലാകാരനായിട്ടല്ല പരിഗണിച്ചിട്ടുള്ളത്.

**കാരണം :**

കാവ്യനിർമ്മാണത്തിനുള്ള വിഷയങ്ങളിൽ ഒരിനം മാത്രമായി കലാശ്രയങ്ങളായ വിഷയങ്ങളെ ഗണിച്ചതുകൊണ്ട്.

(A) കാര്യവും കാരണവും തെറ്റ്

(B) കാര്യവും കാരണവും വ്യത്യസ്ത പക്ഷങ്ങളിൽ ശരിയാണെങ്കിലും മേല്പറഞ്ഞ കാര്യത്തിന്റെ കാരണം തെറ്റ്

(C) കാര്യം തെറ്റ് കാരണം ശരി

(D) കാര്യവ്യം കാരണവും ഭാഗികമായി ശരി

48. ഹാവ്ലോക് എല്ലിസ് നിർണ്ണയിക്കുന്ന സാഹിത്യ വിഭാഗങ്ങൾ

(i) ആദ്ധ്യാത്മികതത്വശാസ്ത്രം, നിഗൂഢതത്വപ്രകാശനം

(ii) കവിത, ആഖ്യായിക നിർമ്മാണം

(iii) തച്ചുശാസ്ത്രം

(iv) വാസ്തു വിദ്യ

(A) (i) മാത്രം ശരി (B) (iii) ഉം, (iv) ഉം ശരി

(C) (i) ഉം, (ii) ഉം ശരി (D) (i) ഉം, (iii) ഉം ശരി

49. “എന്നാൽ സാഹിത്യ നിരൂപകന്മാർ ഇതിനെ വേണ്ടത്ര വിശകലനം ചെയ്തു കൊണ്ടല്ല പ്രവർത്തിപ്പിച്ചിട്ടുള്ളതെന്നു കാണണം”– ഏതിനെയൊക്കെ ?

(i) ജ്ഞാനലബ്ധി

(ii) മനഃസംസ്ക്കാരം

(iii) ക്രാന്തദർശനം

(iv) കലാപാടവം

(A) (i) ഉം, (ii) ഉം ശരി (B) (i) ഉം, (iii) ഉം ശരി

(C) (ii) ഉം, (iii) ഉം ശരി (D) (iii) ഉം (iv) ഉം ശരി

50. ആചാര്യദണ്ഡി, ജഗന്നാഥപണ്ഡിതർ തുടങ്ങിയവരുടെ ദൃഷ്ടി ജീവിതയാഥാർത്ഥ്യങ്ങളിൽ ചെന്ന് പതിക്കുന്നതേയില്ല എന്ന് ലേഖകൻ പറയുന്നതിന്റെ കാരണം.

(i) അവർ കവിതയുടെ വിദ്യാത്വത്തിൽ ശ്രദ്ധിച്ചില്ല.

(ii) സത്യസന്ധത, ചാരിത്യം തുടങ്ങിയ ചില സുസ്ഥാപിത ജീവിത സിദ്ധാന്തങ്ങളിൽ മാത്രം അവർ ശ്രദ്ധിച്ചു.

(iii) രൂപഘടനയിൽ മാത്രം അവർ ശ്രദ്ധിച്ചു.

(iv) സങ്കേതങ്ങളിൽ മാത്രം ശ്രദ്ധിച്ചു.

(A) (i) (B) (ii) (C) (iii) (D) (iv)

- o O o -

**Space For Rough Work**